# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പന്തളം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി12-251/23 Dt: 28/03/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 28/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പന്തളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), പത്തനംതിട്ട

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി12-251/23 Dt: 28/03/23 തീയ്യതി: 28/03/2023

## പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സാബു സി ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-03-2023 | 22-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-03-2023 | 22-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഹരികുമാർ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രേഖാ അനിൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ജീവാ എൻ | സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീ.രാജശേഖരൻ നായർ | സെക്രട്ടറി | 01-06-2021 | 16-06-2021 |
| ശ്രീ. അന്ന മാത്യൂ ജോർജ്ജ് | സെക്രട്ടറി | 17-06-2021 | 03-08-2021 |
| ശ്രീ. വിജു വി ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-08-2021 | 15-08-2021 |
| ശ്രീ. ഹർഷൻ എസ് | സെക്രട്ടറി | 16-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുനിത ബീഗം ഇ | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ (പന്തളം) | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീകല എസ് | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ (കുളനട) | 01-04-2021 | 31-03-2022 |
| ശ്രീമതി റീജാ ആർ എസ് | കൃഷി ആസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ബിജി ജി എസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 17-02-2022 |
| ശ്രീ. ജയകൃഷ്ണൻ ആർ | പട്ടികജാതി വികസന ഓഫീസർ (ചാർജ്ജ്) | 18-02-2022 | 22-02-2022 |
| ശ്രീമതി ബീന എസ് പി | പട്ടികജാതി വികസന ഓഫീസർ | 23-02-2022 | 31-03-2022 |
| ഡോ. ശ്രീകല എസ് | മെഡിക്കൽ ഓഫീസർ, സാമൂഹ്യ ആരോഗ്യ കേന്ദ്രം, തുമ്പമൺ | 01-04-2021 | 31-03-2022 |
| ഡോ. അഖില രാജ് | മെഡിക്കൽ ഓഫീസർ, സാമൂഹ്യ ആരോഗ്യ കേന്ദ്രം, വല്ലന | 01-04-2021 | 31-03-2022 |
| ശ്രീമതി കുമാരി സിന്ധു ആർ | ശിശു വികസന പ്രോജക്ട് ഓഫീസർ, പന്തളം | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി കുമാരി സിന്ധു ആർ | ശിശു വികസന പ്രോജക്ട് ഓഫീസർ, പന്തളം-1 (ചാർജ്ജ്) | 01-04-2021 | 06-07-2021 |
| ശ്രീമതി സ്വപ്ന ആർ എസ് | ശിശു വികസന പ്രോജക്ട് ഓഫീസർ, പന്തളം-1 | 07-07-2021 | 31-08-2021 |
| ശ്രീമതി കുമാരി സിന്ധു ആർ | ശിശു വികസന പ്രോജക്ട് ഓഫീസർ, പന്തളം-1 (ചാർജജ്) | 01-09-2021 | 30-09-2021 |
| ശ്രീമതി സ്വപ്ന ആർ എസ് | ശിശു വികസന പ്രോജക്ട് ഓഫീസർ, പന്തളം-1 | 01-10-2021 | 31-10-2021 |
| ശ്രീമതി ജയമോൾ കെ കെ | ശിശു വികസന പ്രോജക്ട് ഓഫീസർ, പന്തളം-1 (ചാർജ്ജ്) | 01-11-2021 | 09-11-2021 |
| ശ്രീമതി സുമയ്യ എസ് | ശിശു വികസന പ്രോജക്ട് ഓഫീസർ, പന്തളം-1 | 10-11-2021 | 31-03-2022 |
| ശ്രീമതി ബിന്ദു വി എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീജാകുഞ്ഞമ്മ സി ഒ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. ജയപ്രകാശ് കെ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 8 | സ്കോളർഷിപ്പ് വിതരണം - അധികം തുക നൽകി | 1-8 |
| 9 | പശു വളർത്തൽ പദ്ധതി- സബ്സിഡി അനുവദിച്ചതിൽ അപാകത | 1-9 |
| 10 | ഓർഡർ നൽകി ഒരു വർഷം കഴിഞ്ഞിട്ടും പ്രിന്റർ ലഭിച്ചിട്ടില്ല | 1-10 |
| 11 | പഠനോപകരണം വിതരണം - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതി നിർവ്വഹിച്ചു | 1-11 |
| 12 | വിവാഹ ധനസഹായം - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതി നിർവ്വഹിച്ചു | 1-12 |
| 13 | പി.എം.എ.വൈ.- ഗ്രാമപഞ്ചായത്ത് വിഹിതം ലഭിക്കുന്നില്ല | 1-13 |
| 14 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-14 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സ്കോളർഷിപ്പ് വിതരണം - അധികം തുക നൽകി | 3-1 |
| 2 | പശു വളർത്തൽ പദ്ധതി - സബ്സിഡി അനുവദിച്ചതിൽ അപാകത | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2,72,70,267 രൂപ മുന്നിരിപ്പും 24,84,29,400 രൂപ വരവും 27,30,20,800 രൂപ ചെലവും 26,78,867 രൂപ നീക്കിബാക്കിയും പ്രതീക്ഷിക്കുന്ന 2021-22 വർഷത്തെ ബഡ്ജറ്റ് 20.2.2021-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. വിഭവ സമാഹരണത്തിലും വിനിയോഗത്തിലും കാര്യക്ഷമതയും നിയന്ത്രണവും കൈവരിക്കുന്നതിനുള്ള ഒരു രേഖ എന്ന രീതിയിൽ ബജറ്റ് പ്രയോജനപ്പെടുന്നില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

ബ്ലോക്ക്പഞ്ചായത്ത് കമ്മറ്റിയുടെ 10-08-2022-ലെ 4(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് ഓഡിറ്റിനായി 11-08-2022-ൽ എയിംസിലൂടെ സമർപ്പിച്ചിരുന്ന പന്തളം ബ്ലോക്ക്പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന 2021-22-ലെ സംക്ഷിപ്ത ധനകാര്യ റിസൽറ്റുകൾ ചുവടെ ചേർക്കുന്നു.

1. റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | |
|---|---|
| മുന്നിരിപ്പ് (കാഷ്+ബാങ്ക്) | 1,51,94,123 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,99,11,827 |
| ആകെ വരവ് | 9,51,05,950 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,44,63,535 |
| നീക്കിയിരിപ്പ് (കാഷ്+ബാങ്ക്) | 2,06,42,415 |

2. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | |
|---|---|
| ആകെ വരവ് | 7,76,92,060 |
| ആകെ ചെലവ് | 6,58,94,863 |
| പ്രവർത്തന ലാഭം | 1,17,97,197 |

3. 31-03-2022 പ്രകാരമുള്ള ബാലൻസ് ഷീറ്റ്

| | |
|---|---|
| ആകെ ആസ്തിമൂല്യം | 15,39,94,701 |
| ആകെ ബാധ്യത(ജനറൽ ഫണ്ട് ഒഴികെ) | 1,55,66,056 |
| ജനറൽ ഫണ്ട് | 13,84,28,645 |

മേൽ വിവരിച്ച ധനകാര്യ റിസൽറ്റുകൾ പ്രതിഫലിപ്പിക്കുന്ന ധനകാര്യ പത്രികകൾ ഓഡിറ്റിൽ പരിശോധിച്ചതിലും വിശകലനം ചെയ്തതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി-4: Grants & Contribution For Specific Purposes- വിവിധ ശീർഷകങ്ങളിൽ നീക്കിയിരുപ്പായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുന്നില്ല.

| Acoount Head | Amount As Per | |
|---|---|---|
| | B-4 Schedule (₹) | Bank (₹) |
| Indira Awas Yojana, Joint Venture Projects Grama Pt. And Dist Pt. | 1,23,46,290 | 1,21,32,633 |
| Development Fund -CFC Tied And Untied | 26,48,883 | 22,88,883 |
| Nirmal Puraskar | 2,37,246 | 3,99,957 |
| Total Sanitation | 2,87,070 | 8,03,272 |

2.ഷെഡ്യൂൾ ബി-7: Deposit Received-ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ വിവിധ നിക്ഷേപങ്ങളുടെ മുന്നിരിപ്പ്,

തൻവർഷ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

3.ഷെഡ്യൂൾ ബി-9: Other Liabilities- തുക ഒടുക്കിയില്ല. തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഇല്ല.

4.ഷെഡ്യൂൾ ബി-11: Fixed Assets-തൻ വർഷം ആർജ്ജിച്ച എല്ലാ ആസ്തികളും അതത് ആസ്തി ഹെഡിൽ ഉൾപ്പെട്ടിട്ടില്ല. ആസ്തി ഹെഡിൽ ഉൾപ്പെടുത്തേണ്ട പല ട്രാൻസാക്ഷനുകളും കാപ്പിറ്റൽ-വർക്ക്-ഇൻ പ്രോഗ്രസ്സിലും റെവന്യൂ ഹെഡുകളിലും അക്കൗണ്ട് ചെയ്തിട്ടുണ്ട്.

5. ഷെഡ്യൂൾ ബി-11(a): Capital Work-in-Progress-നിക്ഷപ പ്രവൃത്തികൾ, റെവന്യൂ ചെലവുകൾ, പൂർത്തിയായ മരാമത്ത് പ്രവൃത്തികൾ എന്നിവ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു. തൻമൂലം 73,50,360 രൂപ ഈ ഹെഡിൽ അവശേഷിക്കുന്നു.

6. ഷെഡ്യൂൾ ബി-15: Rent Receivable From Building- തുക തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

7. ഷെഡ്യൂൾ ബി-15: Receivables From Govt.(Redemption)- തിരികെ ലഭിക്കുവാനുള്ള തുക അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല. മുൻവർഷം കുറവ് ചെയ്ത തുക (₹69,40,770) തിരികെ ലഭിച്ചെങ്കിലും അക്കൗണ്ട് ക്രമീകരിക്കാത്തതിനാൽ ബാലൻസായി ₹ 1,39,62,956 രൂപ അവശേഷിക്കുന്നു. യഥാർത്ഥ തുക ₹ 70,22,186 ആണ്.

8. ഷെഡ്യൂൾ ബി-7: Cash And Bank Balances- IDBI 73848, Life Mission A/c, LGTSB A/c എന്നീ ബാങ്ക് അക്കൗണ്ടുകൾ റിക്കൺസിലിയേഷൻ നടത്തി ബാങ്ക് ബാലൻസുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

9. ഷെഡ്യൂൾ ബി-18: Loans, Advances, Deposits-തൻ വർഷം നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകകൾ എല്ലാം അക്കൗണ്ട് ചെയ്തിട്ടില്ല. കൂടാതെ വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂർ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

10. Schedule I-3: Rent From Building- കൃത്യമായ തുകയല്ല ബന്ധപ്പെട്ട ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത്.

11. Schedule I-6: Other Revenue Grants- തെറ്റായ തുക ഉൾപ്പെടുത്തിയിരിക്കുന്നു.

12. Schedule I-6: Contribution Towards Joint Venture Projects- തെറ്റായ തുക വരവായി ഉൾപ്പെടുത്തിയിരിക്കുന്നു.

13. Schedule I-9: Miscellaneous Receipts- വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭിച്ച തുകയുൾപ്പെടെ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

14. Schedule I-13: Other Finance Charge (₹8471268) 'കാപ്പിറ്റൽ' ചെലവുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. തൻമൂലം ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ചെലവ് വർദ്ധിച്ചിരിക്കുന്നു.

വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിൽ, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പാലിച്ചിട്ടില്ല. പ്രസ്തുത ചട്ടങ്ങളിലെ അദ്ധ്യായം 6 (ചട്ടം 57,58), അദ്ധ്യായം 7-ലെ ചട്ടം-59 മുതൽ 62 വരെയുള്ളവയിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങളും പാലിച്ചിട്ടില്ല. തന്മൂലം വാർഷിക ധനകാര്യപത്രികയിൽ പ്രതിപാദിച്ചിട്ടുള്ള വരവ്, ചെലവുകൾ, ആസ്തി ബാധ്യതകൾ, ഇൻകം & എക്സ്പെൻഡിച്ചർ എന്നിവ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് ചെലവ് കണക്കുകളെ പ്രതിഫലിപ്പിക്കുന്നില്ലായെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. അപാകതകൾ പരിഹരിക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,51,94,123 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,99,11,827 |
| ആകെ വരവ് | 9,51,05,950 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,44,63,535 |
| നീക്കിയിരിപ്പ് | 2,06,42,415 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത് ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 15586210 | 15586210 | 14992000 | 594210 |
| വികസന ഫണ്ട്- | ,, | 19551668 | 19551668 | 18398065 | 1153603 |

| | | | | | |
|---|---|---|---|---|---|
| എസ്.സി.പി | | | | | |
| വികസന ഫണ്ട്- ടി.എസ്.പി | ,, | 14600 | 14600 | -- | 14600 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ,, | 5639559 | 5639559 | 4940089 | 699470 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ,, | 3076591 | 3076591 | 2815923 | 260668 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | ,, | 5964926 | 5964926 | 5512604 | 452322 |

പരിശോധനയ്ക്ക് ലഭ്യമായ ഗ്രാന്റ് വിനിയോഗ പത്രികയിൽ ചുവടെ ചേർക്കുന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുത്തിയിട്ടില്ല.

| ഉത്തരവ് നം. | ഫണ്ട് | തുക |
|---|---|---|
| ജി.ഒ(ആർ.റ്റി)നം.2617/2022 തീയതി: 31-03-2022 | എസ്.സി.പി. | 1118688 |
| ,, | റ്റി.എസ്.പി. | 14600 |

വിവിധ ഗ്രാന്റിനങ്ങളിലുള്ള വരവ്/വിനിയോഗ വിവരങ്ങൾ ആധികാരികമായ രീതിയിൽ ക്രോഡീകരിച്ച് ലഭ്യമാക്കിയിട്ടില്ല. ഈ നിരീക്ഷണത്തിന് വിധേയമായി മാത്രമാണ് അനുബന്ധം- 2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നത്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 102 | 7,49,80,179 | 92 | 4,94,00,218 | 10 | 65.89 |

(2) 2021-22ൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരു-ത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ | 6 | 5 | 1785600 | 1535838 |
| 2 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 36 | 28 | 41279051 | 20444308 |
| 3 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 13 | 13 | 5473211 | 5186227 |
| 4 | പട്ടികജാതി | 3 | 3 | 3250000 | 3249983 |

| | | | | | |
|---|---|---|---|---|---|
| | വികസന ഓഫീസർ | | | | |
| 5 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 3 | 3 | 2648899 | 2383794 |
| 6 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 9 | 9 | 3994460 | 2367741 |
| 7 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 4 | 3 | 4600349 | 2890921 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 28 | 28 | 11948609 | 11341406 |
| | ആകെ | 102 | 92 | 74980179 | 49400218 |

- തൻവർഷത്തെ പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ പ്രത്യേക ഖണ്ഡികയായി പ്രതിപാദിക്കാത്ത മറ്റ് പൊതുവായ അപാകതകൾ ചുവടെ പരാമർശിക്കുന്നു.
- ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി ആസൂത്രണ/രൂപീകരണ/നിർവ്വഹണ പ്രക്രിയകൾ കൂടുതൽ കാര്യക്ഷമവും ജനാഭിമുഖമാകേണ്ടതുമുണ്ട്.
- ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യവും പൊതുവും മേഖലാടിസ്ഥാനത്തിലുള്ളതുമായ നിയമാനുസൃതമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് അനുഗുണമായ രീതിയിൽ പദ്ധതി തയ്യാറാക്കപ്പെടേണ്ടതുണ്ട്. ചുമതലയിൽ ഉൾപ്പെടാത്ത പ്രോജക്ടുകളുടെ നിർവ്വഹണം ഒഴിവാക്കേണ്ടതാണ്.
- വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി സ്ത്രീശാക്തീകരണ കേന്ദ്രം നിർമ്മാണം, ഫർണീച്ചർ വാങ്ങൽ എന്നിങ്ങനെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. നിർമ്മാണ പ്രോജക്ടുകൾ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റൻറ് എഞ്ചിനീയർ എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായി വ്യത്യസ്ത പ്രോജക്ടുകൾ പ്രകാരം ഏറ്റെടുത്തു. ഇപ്രകാരം ഒരേ നിർമ്മാണ പ്രോജക്ടുകൾ വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഏറ്റെടുക്കുന്ന പ്രവണത ഉചിതമല്ല. വനിതാ ഘടക പദ്ധതിയിലും പ്രത്യേക പരിരക്ഷ ആവശ്യമായ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികളിലും വനിതകൾക്കും അതത് വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പ്രത്യക്ഷമായി പ്രയോജനം സിദ്ധിക്കുന്ന പ്രോജക്ടുകൾ ആയി പരിണമിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-6 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ പ്രവർത്തനം/ചുമതലാ നിർവ്വഹണം എന്നിവ സംബന്ധമായ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന ന്യൂനതകൾ കൂടി പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

- സ്ഥാപനത്തിൻറെ ശരിയായ സാമ്പത്തികസ്ഥിതിയും ആസ്തി/ബാധ്യത വിവരങ്ങളും പ്രതിഫലിപ്പിക്കുന്ന വിധത്തിൽ നിശ്ചിത സമയത്ത് തന്നെ ആവശ്യമായ അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നടത്തേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ വാർഷിക ധനകാര്യപത്രികകൾ ക്രോഡീകരിക്കേണ്ടതുമാണ്.
- സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതങ്ങൾ കൃത്യമായി കൈമാറ്റം ചെയ്യേണ്ടതും ബ്ലോക്ക് തലത്തിൽ നിർവഹിക്കേണ്ട പ്രോജക്ടുകൾക്കുള്ള വിഹിതം കൃത്യമായി സമാഹരിക്കേണ്ടതുമാണ്.
- പ്രോജക്ടുകളുടെ ആസൂത്രണ രൂപീകരണ നിർവഹണ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്. പ്രോജക്ടുകളുടെ വെറ്റിങ്ങിൽ ബ്ലോക്ക് തല നിർവ്വഹണ ഉദ്യോഗസ്ഥർ കാര്യക്ഷമമായി ഇടപെടൽ നടത്തേണ്ടതാണ്. വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകകളുടെ കൃത്യമായ വിനിയോഗം നിരീക്ഷിക്കേണ്ടതും ലക്ഷ്യമിട്ട ഭൗതിക നേട്ടം കൈവരിച്ചിട്ടുണ്ടെന്ന് അതത് പ്രോജക്ടുകളുടെ മോണിറ്ററിംഗ് സമിതി ഉറപ്പാക്കേണ്ടതുമാണ്.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് | 07-01-2017- 10-01-2017 | 01.01.2015- | 14-03-2017 |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | | 31.12.2016 | |
| പെർഫോമൻസ് ഓഡിറ്റ് | 21-01-2020-25-01-2020 | 01-04-2018-31-12-2019 | 23-07-2021 |

## 1-8 സ്കോളർഷിപ്പ് വിതരണം - അധികം തുക നൽകി

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ "പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്" (25/22) പ്രോജക്റ്റിലുൾപ്പെടുത്തി സബ്സിഡി മാനദണ്ഡങ്ങളിൽ പറയുന്നതിലും അധികം തുക വിതരണം ചെയ്യുകയും ഒരു വിദ്യാർത്ഥിനിയ്ക്ക് രണ്ട് തവണ സ്കോളർഷിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. മേൽ സൂചിപ്പിച്ച അപാകതകൾ മൂലം 120000/- രൂപയുടെ അധിക ചെലവുണ്ടായത് നിരാകരിക്കുന്നു. വിശദവിവരങ്ങൾ ഖണ്ഡിക 3-1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-9 പശു വളർത്തൽ പദ്ധതി- സബ്സിഡി അനുവദിച്ചതിൽ അപാകത

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 2021-22 സാമ്പത്തിക വർഷം ഡെയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ "പശുവളർത്തൽ പദ്ധതി" പ്രകാരം ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചതിൽ അപാകതയുണ്ടായി. രണ്ട് പ്രോജക്ടുകളിലായി (ജനറൽ & എസ്.സി.പി) 45250/- രൂപ സബ്സിഡിയിനത്തിൽ അധികമായി നൽകിയിട്ടുണ്ട്. വിശദമായ വിവരങ്ങൾ ഖണ്ഡിക 3-2-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 ഓർഡർ നൽകി ഒരു വർഷം കഴിഞ്ഞിട്ടും പ്രിന്റർ ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | വല്ലന സി.എച്ച്.സി-യിലേക്കാവശ്യമായ ഫർണ്ണീച്ചർ, ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ (60/22) |
| വകയിരുത്തൽ | 150000/- (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | 137264/-<br>ട്രഷറി ബിൽ നം. 21050663015500138894/22.6.2021 – 70394/-<br>ട്രഷറി ബിൽ നം. 21050663015500706541/26.11.2021 – 9700/-<br>ട്രഷറി ബിൽ നം. 2105066301550073024/1.12.2021 – 23250/-<br>ട്രഷറി ബിൽ നം. 210506630155001196981/24.2.2022 - 12953/-<br>ട്രഷറി ബിൽ നം. 210506630155001379449/19.3.2022 – 20967/- |

വല്ലന സി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം A4 Monochrome Network Laser പ്രിന്റർ വാങ്ങുന്നതിന് 12953/- രൂപ കെൽട്രോണിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചു. എന്നാൽ, നാളിതുവരെ പ്രിന്റർ ലഭ്യമായിട്ടില്ല. പ്രിന്റർ ലഭ്യമാകാത്ത സാഹചര്യത്തിൽ, ഇതിന്മേൽ സ്ഥാപനം സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/18.3.2023) ലഭ്യമാക്കിയ മറുപടിയിൽ, പ്രസ്തുത ഇനം പ്രിന്റർ കെൽട്രോണിന്റെ സ്റ്റോക്കിൽ ഇല്ലെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭിക്കാൻ ഓൺലൈൻ റീഫണ്ട് റിക്വസ്റ്റ് നൽകിയിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 പഠനോപകരണം വിതരണം - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതി നിർവ്വഹിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം (27/22) |
| വകയിരുത്തൽ | 250000/- (വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് | 249983/-<br>ട്രഷറി ബിൽ നം. 21050663014900792664/16.12.2021 |

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം 50 വിദ്യാർത്ഥികൾക്ക് മേശയും കസേരയും സിഡ്കോയിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടു-

1. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ ഖ. 7.2.7 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റീലോ മരത്തിന്റെയോ മേശയും/കസേരയും വാങ്ങി നൽകുന്നതിന് 5000/- രൂപ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും നൽകാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇപ്രകാരമുള്ള പദ്ധതി നടപ്പിലാക്കാൻ കഴിയില്ല.

2. പട്ടികജാതി വകുപ്പിൽ നിന്നും പഠനമുറി നിർമ്മാണത്തിന് ധനസഹായം ലഭിച്ച് നിർമ്മാണം പൂർത്തിയായവർക്ക് പഠനോപകരണം വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. ഇത് പ്രകാരം 2018-19 വർഷം പഠനമുറി നിർമ്മാണം പൂർത്തിയാക്കിയ 2 പേർക്കും, 2019-20-ലെ 16 പേർക്കും 2020-21-ലെ 32 പേർക്കുമാണ് പഠനോപകരണം നൽകിയത്. പ്രസ്തുത ഗുണഭോക്താക്കൾ നിലവിലും വിദ്യാർത്ഥികൾ ആണെന്നും , മുൻപ് മേശയും കസേരയും ലഭിച്ചിട്ടില്ലെന്നും, ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഇതേ ആനുകൂല്യം മുൻപ് ലഭിച്ചിട്ടില്ലെന്നും എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/18.3.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രോജക്ടുകൾ ഏറ്റെടുക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ, രേഖകൾ ഒന്നും ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-12 വിവാഹ ധനസഹായം - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതി നിർവ്വഹിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | പട്ടികജാതി വിഭാഗക്കാർക്ക് വിവാഹ ധനസഹായം (30/22) |
| വകയിരുത്തൽ | 1500000/- (വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് | 1500000/-<br>ട്രഷറി ബിൽ നം. 21050663014900792647/16.12.2021 – 300000/-<br>ട്രഷറി ബിൽ നം. 21050663014900247050/28.7.2021 – 825000/-<br>ട്രഷറി ബിൽ നം. 21050663014900578855/28.10.2021 – 375000/- |

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം 20 ഗുണഭോക്താക്കൾക്ക് 75000/- രൂപ വീതം നൽകിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ ഖ. 7.2.1 പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും നൽകാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇപ്രകാരമുള്ള പദ്ധതി നടപ്പിലാക്കാൻ കഴിയില്ല. ഇത് സബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/18.3.2023) മറുപടി നൽകിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രോജക്ടുകൾ ഏറ്റെടുക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 പി.എം.എ.വൈ.- ഗ്രാമപഞ്ചായത്ത് വിഹിതം ലഭിക്കുന്നില്ല

തൻവർഷം പി.എം.എ.വൈ ഭവന പദ്ധതിക്ക് പഞ്ചായത്ത് വിഹിതമായി 85,68,000 രൂപ വകയിരുത്തിയെങ്കിലും 8,70,000 രൂപ മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾ ലഭ്യമാക്കിയിട്ടുള്ളത്. ജനറൽ, പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടിയാണ് തുക വകയിരുത്തിയിരുന്നത്. ലഭ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള ധനസഹായം ഉറപ്പാക്കി ഭവനപദ്ധതി കാര്യക്ഷമമാക്കേണ്ടതും ഭരണതലത്തിലുള്ള മോണിറ്ററിംഗ് ശക്തമാക്കേണ്ടതുമാണ്.

## 1-14 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (എസ്.സി.പി) (13/22) | 1226344/- | 0 | 1226344/- |
| | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (എസ്.സി.പി) (തുമ്പമൺ)(153/22) | 441320/- | 0 | 441320/- |
| | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (ജനറൽ) (91/22) | 1318921/- | 0 | 1318921/- |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (എസ്.സി.പി) (104/22) | 905000/- | 0 | 905000/- |

| | | | | |
|---|---|---|---|---|
| | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (എസ്.സി.പി) (പന്തളം തെക്കേക്കര) (154/22) | 431000/- | 0 | 431000/- |
| | വിവിധ പ്രദേശങ്ങളിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (ജനറൽ) (137/22) | 952170/- | 0 | 952170/- |
| | വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ്ലൈൻ (95/22) | 973250/- | 0 | 973250/- |
| | വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ്ലൈൻ (151/22) | 1046750/- | 0 | 1046750/- |
| | കിടങ്ങന്നൂർ കോഴിമല കുടിവെള്ള പദ്ധതി (155/22) | 1050000/- | 0 | 1050000/- |

പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം/വാല്യുവേഷൻ റിപ്പോർട്ട്/മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/16.3.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. നിക്ഷേപിച്ച തുകയായ 8344755/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്കോളർഷിപ്പ് വിതരണം - അധികം തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (25/22) |
| വകയിരുത്തൽ | 1500000/- (വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് | 1500000/-<br>ട്രഷറി ബിൽ നം. 2105066301490024 6990/28.7.2021 – 490000/-<br>ട്രഷറി ബിൽ നം. 21050663014900462701/28.9.2021 – 290000/-<br>ട്രഷറി ബിൽ നം. 21050663014900579003/28.10.2021 – 50000/-<br>ട്രഷറി ബിൽ നം. 21050663014900792652/16.12.2021 – 395000/-<br>ട്രഷറി ബിൽ നം. 21050663014901094185/10.2.2022– 275000/- |

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം ബിരുദം/ ബിരുദാനന്തര ബിരുദം/ എഞ്ചിനീയറിംഗ്/ മെഡിക്കൽ/ പാരാമെഡിക്കൽ/ ഡിപ്ലോമ പഠനം നടത്തുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ (സ.ഉ(കൈ) 11/2018/തസ്വഭവ/14.2.2018) ഖ. 7.2.5 പ്രകാരം മെഡിക്കൽ കോഴ്സ്, എഞ്ചിനീയറിംഗ് കോഴ്സ്, ബിരുദം, ബിരുദാനന്തര ബിരുദം എന്നിവയ്ക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 30000, 25000, 20000, 30000 രൂപ വീതം വാർഷിക സ്കോളർഷിപ്പ് നൽകാവുന്നതാണ്. പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന വിദ്യാർത്ഥികൾക്ക് അധിക നിരക്കിൽ ധനസഹായം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | നൽകിയ തുക | അർഹതയുള്ള തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | പവിത്ര ജയകുമാർ | BA Hindi | 30000 | 20000 | 10000 |

| | | | | | |
|---|---|---|---|---|---|
| 2 | പൂജാ ജയകുമാർ | BCom LLB | 60000 | 20000 | 40000 |
| 3 | സൂര്യജിത്ത് എസ് എം | BSc Physics | 30000 | 20000 | 10000 |
| 4 | ഭാഗ്യാ പ്രകാശ് | BSc Botany | 30000 | 20000 | 10000 |
| 5 | ആരതി രാജു | BSc Botany | 30000 | 20000 | 10000 |
| 6 | നീനു വി മോഹൻ | BSc Zoology | 30000 | 20000 | 10000 |
| 7 | ഗായത്രി രാജൻ | BCom Computer Application | 30000 | 20000 | 10000 |
| 8 | ശ്രീലക്ഷ്മി എസ് | BSc Chemistry | 30000 | 20000 | 10000 |
| 9 | സ്നേഹാ മധു | BA Economics | 30000 | 20000 | 10000 |
| | | | | ആകെ | 120000 |

പൂജാ ജയകുമാർ എന്ന വിദ്യാർത്ഥിനിയ്ക്ക് ട്രഷറി ബിൽ നം. 21050663014900246990/28.7.2021 പ്രകാരവും ട്രഷറി ബിൽ നം. 21050663014900462701/28.9.2021 പ്രകാരവും 30,000 രൂപ വീതം നൽകിയിട്ടുണ്ട്.

പ്രസ്തുത അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/18.3.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ 1,20,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചതിന് ഈ റിപ്പോർട്ടിലെ ഖണ്ഡിക 4-9-ൽ പേര് പരാമർശിച്ചിരിക്കുന്ന ഉദ്യോഗസ്ഥ ബാധ്യതപ്പെട്ടിരിക്കുന്നു.

## 3-2 പശു വളർത്തൽ പദ്ധതി - സബ്സിഡി അനുവദിച്ചതിൽ അപാകത

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമയി ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ "പശുവളർത്തൽ പദ്ധതി" പ്രകാരം ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചതിൽ അപാകതയുണ്ടായി.

(1)പശുവളർത്തൽ (പ്രോജക്ട് നം. എസ്.0053/22)

29-05-2020-ലെ സ.ഉ(സാധാ) നം. 1009/2020/തസ്വഭവ. ഉത്തരവ് പ്രകാരം ക്ഷീരമേഖലയിൽ നടപ്പാക്കിയ മേൽ പദ്ധതിയിൽ, അനുവദനീയമായതിലും അധിക നിരക്കിൽ സബ്സിഡി അനുവദിച്ചതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് വിവരം, അനുവദിച്ച യൂണിറ്റ് | യൂണിറ്റ് കോസ്റ്റ് | അനുവദിച്ച സബ്സിഡി (2x35000) | അനുവദനീയമായ സബ്സിഡി (യൂണിറ്റ് കോസ്റ്റിന്റെ 50%) (2x30000) | അധികം നൽകിയത് | ബിൽ നം./തീയതി |
|---|---|---|---|---|---|---|
| 1 | രജനി വി, ബിനു ഭവനം ഉള്ളന്നൂർ പി.ഒ. 2 യൂണിറ്റ് | 60000 Per Unit | 70,000 | 60,000 | 10,000 | 21050......869859 31-12-2021 |
| 2 | ജോസ് മാത്യു, വടക്കേതിൽ തുമ്പമൺ താഴം പി.ഒ. 2 യൂണിറ്റ് | ,, | 70,000 | 60,000 | 10,000 | 21050......937166 13-01-2022 |
| 3 | കെ.കെ. വർഗീസ്, ദിഷാഭവൻ, കീരുകുഴി, തട്ട പി.ഒ. 2 യൂണിറ്റ് | ,, | 70,000 | 60,000 | 10,000 | ,, |
| 4 | ഷീജ അനിൽകുമാർ, ശ്രീരംഗം, ഉള്ളന്നൂർ പി.ഒ. 2 യൂണിറ്റ് | ,, | 70,000 | 60,000 | 10,000 | 21050......1153951 18-02-2022 |
| | ആകെ | | 2,80,000 | 2,40,000 | 40,000 | |

മേൽ ഉത്തരവ് പ്രകാരം പശു വളർത്തലിന് ജനറൽ വിഭാഗത്തിന് ഒരു യൂണിറ്റിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും അനുവദിക്കാവുന്ന പരാമാവധി സബ്സിഡി തുക യൂണിറ്റ് കോസ്റ്റിന്റെ(₹60,000) 50% മാത്രമാണ് (പരാമവധി ₹30,000 രൂപ). എന്നാൽ പശുവിനെ നൽകിയ ഉടമസ്ഥരുടെ അക്കൗണ്ടിലേക്ക് 70,000 രൂപ വീതം (രണ്ട് യൂണിറ്റുകൾക്ക്) സബ്സിഡി അനുവദിച്ച നൽകി. ഇപ്രകാരം അധികം തുക നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 01/2021-22 16-03-2023) ലഭ്യമാക്കിയ മറുപടിയിൽ, പശുവിനെ വിറ്റ ആളിനാണ് തുക നൽകിയതെന്നും ഗുണഭോക്താക്കൾ തൊഴുത്ത് മെയിന്റനൻസ് നടത്തിയിട്ടുണ്ടെന്നും സബ്സിഡി തുക കഴിച്ചുള്ള തുക മാത്രമേ പശുവിന്റെ വിലയായി പശുവിനെ വിറ്റ ആൾക്ക് നൽകിയിട്ടുള്ളതെന്നും കർഷകർ അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി.

പുതിയ കറവപശുവിനെ അനുവദിക്കുന്നതിനൊപ്പം കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും/ നവീകരിക്കുന്നതിനുമായി പരാമവധി 25000 രൂപ (ചെലവിന്റെ 50%) ഗുണഭോക്താവിന് അനുവദിക്കാവുന്നതാണെന്നും പ്രസ്തുത അംഗീകരിച്ച പ്രോജക്ടിൽ ഈ ഇനം ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ കാലിത്തൊഴുത്ത് മെയിന്റനൻസിനായി തുക ചെലവഴിച്ച എന്ന വാദം അംഗീകരിക്കാനാവില്ല. സബ്സിഡിയായി വികസനഫണ്ടിൽ നിന്നും അധികം നൽകിയ 40,000 രൂപ തിരികെ ഈടാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചതിന് ഈ റിപ്പോർട്ടിലെ ഖണ്ഡിക 4-9-ൽ പേര് പരാമർശിച്ചിരിക്കുന്ന ഉദ്യോഗസ്ഥ ബാധ്യതപ്പെട്ടിരിക്കുന്നു.

(2) പശു വളർത്തൽ -എസ്.സി.പി.(പ്രോജക്റ്റ് നം. എസ്.0054/22)

29-05-2020-ലെ സ.ഉ(സാധാ) നം. 1009/2020/തസ്വഭവ. ഉത്തരവ് പ്രകാരം ക്ഷീരമേഖലയിൽ നടപ്പാക്കിയ മേൽ പദ്ധതിയിൽ, അനുവദനീയമായതിലും അധിക നിരക്കിൽ സബ്സിഡി അനുവദിച്ചതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം, അനുവദിച്ച യൂണിറ്റ് | യൂണിറ്റ് കോസ്റ്റ് | അനുവദിച്ച സബ്സിഡി | അനുവദനീയമായ സബ്സിഡി (യൂണിറ്റ് കോസ്റ്റിന്റെ 75%) | അധികം നൽകിയത് | ബിൽ നം./തീയതി |
|---|---|---|---|---|---|
| ശ്യാമള, കരിമലമുകടിയിൽ, ഉളനാട് പി.ഒ. 2 യൂണിറ്റ് | 60000 Per Unit (2 യൂണിറ്റിന്റെ വാങ്ങിയ വില 113000) | 90,000 | 84,750 | 5,250 | 21050......1418577 23-03-2022 |

മേൽ ഉത്തരവ് പ്രകാരം പശു വളർത്തലിന് പട്ടികജാതി വിഭാഗത്തിന് ഒരു യൂണിറ്റിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും അനുവദിക്കാവുന്ന പരാമാവധി സബ്സിഡി തുക യൂണിറ്റ് കോസ്റ്റിന്റെ(₹60,000) 75% മാത്രമാണ് (പരാമവധി ₹45,000 രൂപ). പശുവിനെ നൽകിയ ഉടമസ്ഥന്റെ വില ചീട്ട് പ്രകാരം രണ്ട് പശുക്കളുടെ വില 1,13,000 രൂപയാണ്. ആയതിന് അനുവദിക്കാവുന്ന സബ്സിഡി 84750 രൂപയും. ഇപ്രകാരം തുക അനുവദിച്ചുവഴി വികസനഫണ്ടിൽ നിന്നും 5250 രൂപയുടെ അധികചെലവുണ്ടായി. അധികം തുക നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 01/2021-22 16-03-2023) മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ ഈടാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചതിന് ഈ റിപ്പോർട്ടിലെ ഖണ്ഡിക 4-9-ൽ പേര് പരാമർശിച്ചിരിക്കുന്ന ഉദ്യോഗസ്ഥ ബാധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 3430000/- | PMAY- അധിക വിഹിതം നൽകൽ | 3430000/- | 0 |
| ആറന്മുള ഗ്രാമ പഞ്ചായത്ത് | 100000/- | PMAY- വിഹിതം നൽകൽ | 100000/- | 0 |
| പന്തളം തെക്കേക്കര പഞ്ചായത്ത് | 210000/- | PMAY- അധിക വിഹിതം | 210000/- | 0 |
| പന്തളം തെക്കേക്കര പഞ്ചായത്ത് | 210000/- | PMAY- അധിക വിഹിതം (എസ്.സി.പി) | 210000/- | 0 |

| | | | | |
|---|---|---|---|---|
| ഉമ്പമൺ ഗ്രാമ പഞ്ചായത്ത് | 140000/- | PMAY- അധിക വിഹിതം നൽകൽ | 140000/- | 0 |
| ഉമ്പമൺ ഗ്രാമ പഞ്ചായത്ത് | 196639/- | PMAY- അധിക വിഹിതം നൽകൽ (എസ്.സി.പി) | 196639/- | 0 |
| ഉമ്പമൺ ഗ്രാമ പഞ്ചായത്ത് | 13361/- | PMAY- അധിക വിഹിതം നൽകൽ (എസ്.സി.പി) | 13361/- | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (എസ്.സി.പി) (13/22) | 1226344/- | 0 | 1226344/- |
| | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (എസ്.സി.പി) (ഉമ്പമൺ)(153/22) | 441320/- | 0 | 441320/- |
| | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (ജനറൽ) (91/22) | 1318921/- | 0 | 1318921/- |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (എസ്.സി.പി) (104/22) | 905000/- | 0 | 905000/- |
| | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (എസ്.സി.പി) (പന്തളം തെക്കേക്കര) (154/22) | 431000/- | 0 | 431000/- |
| | വിവിധ പ്രദേശങ്ങളിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (ജനറൽ) (137/22) | 952170/- | 0 | 952170/- |
| | വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ്ലൈൻ (95/22) | 973250/- | 0 | 973250/- |
| | വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ്ലൈൻ (151/22) | 1046750/- | 0 | 1046750/- |
| | കിടങ്ങന്നൂർ കോഴിമല കുടിവെള്ള പദ്ധതി (155/22) | 1050000/- | 0 | 1050000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-1 | 2007-08 | 3.20.1 | പ്രീ-മെട്രിക്ക് ഹോസ്റ്റലിന് സ്ഥലം വാങ്ങിയത് | പരാമർശം നിലനിൽക്കുന്നു |
| 2004-05 | 2-3 | 2007-08 | 3.20.2 | സ്കൂൾ ലൈബ്രറികൾ, ഐ.റ്റി.സി എന്നിവയ്ക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,51,05,950 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,44,63,535 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,65,250 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 85,94,738 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | | 1,20,000 | ശ്രീമതി ബിജി ജി.എസ്, പട്ടികജാതി വികസന ഓഫീസർ |
| 3-2 | | 45,250 | ശ്രീമതി ശ്രീകല എസ്, ഡെയറി എക്സ്റ്റൻഷൻ ഓഫീസർ |
| | ആകെ | 1,65,250 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 2,49,983 | ശ്രീമതി ബിജി ജി എസ്, പട്ടികജാതി വികസന ഓഫീസർ |
| 1-14 | 83,44,755 | |
| ആകെ | 85,94,738 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബിജി ജി എസ്, പട്ടികജാതി വികസന ഓഫീസർ | പട്ടിജാതി വികസന ഓഫീസർ, പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് | റ്റി.സി 41/1759(1), മണക്കാട് പി.ഒ, തിരുവനന്തപുരം |

| | | |
|---|---|---|
| | | പിൻ- 695009 |
| ശ്രീമതി ശ്രീകല എസ്., ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ, കുളനട യൂണിറ്റ്, പന്തളം ബ്ലോക്ക് | ശാന്താ ഭവൻ, വെണ്മണി പി.ഒ., ആലപ്പുഴ ജില്ല പിൻ- 689 509 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

*കുളനട ബ്ലോക്ക്*

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും അവസാനത്തെ കത്തിടപാടിന്റെ വിവരം* |
|---|---|
| 1998-99 | എൽ.എഫ്.പിറ്റിഎ.പി5- 26/00തീയതി 9.5.2000 |
| 1999-00 | എൽ.എഫ്.പിറ്റിഎ.പി5- 594/00തീയതി 30.1.2001 |
| 2000-01 | എൽ.എഫ്.പിറ്റിഎ.പി5-571/02 തീയതി 3.2.2003 |
| 2001-02 | എൽ.എഫ്.പിറ്റിഎ.പി5-302/04 തീയതി 4.8.2004 |
| 2002-03 | എൽ.എഫ്.പിറ്റിഎ.പി6-788/06 തീയതി 8.2.2007 |
| 2003-04 | എൽ.എഫ്.പിറ്റിഎ.പി6- 1029/07തീയതി 7.5.2008 |
| 2004-05 | എൽ.എഫ്.പിറ്റിഎ.പി6-1030/07 തീയതി 12.5.2008 |
| 2005-06 | എൽ.എഫ്.പിറ്റിഎ.പി6-1031/07 തീയതി 12.5.2008 |
| 2006-07 | എൽ.എഫ്.പിറ്റിഎ.പി3-426/08 തീയതി 13.4.2009 |
| 2007-08 | എൽ.എഫ്.പിറ്റിഎ.പി3- 875/09തീയതി 23.3.2010 |
| 2008-09 | എൽ.എഫ്.പിറ്റിഎ.പി3- 943(എ)/11 തീയതി 31.12.2011 |
| 2009-10& 2010-11 | എൽ.എഫ്.പിറ്റിഎ.പി3- 943(ബി)/11 തീയതി 31.12.2011 |

*പന്തളം ബ്ലോക്ക്*

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും അവസാനത്തെ കത്തിടപാടിന്റെ വിവരം* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം* |
|---|---|---|
| 2002-03 | എൽ.എഫ്.പിറ്റിഎ.പി6-389/06 തീയതി 31.1.2007/7.7.08 | 2 |
| 2003-04 | എൽ.എഫ്.പിറ്റിഎ.പി5-692/07തീയതി 22.1.2008/8.2.08 | 1 |
| 2004-05 | എൽ.എഫ്.പിറ്റിഎ.പി5-763/07 തീയതി 26.3.2008 | 14 |
| 2005-06 | എൽ.എഫ്.പിറ്റിഎ.പി5-764/07 തീയതി 25.3.2009 | 29 |
| 2006-07 | എൽ.എഫ്.പിറ്റിഎ.പി5-527/08 തീയതി 25.3.2009 | 29 |
| 2007-08 | എൽ.എഫ്.പിറ്റിഎ.പി3- 874/09തീയതി 7.4.2010 | 16 |
| 2008-09 | എൽ.എഫ്.പിറ്റിഎ.പി2-31/11 തീയതി 4.10.2011 | 12 |
| 2009-10 & 2010-11 | എൽ.എഫ്.പിറ്റിഎ.പി2- 256/13 തീയതി 8.10.2013 | 17 |
| 2011-12 & 2012-13 | എൽ.എഫ്.പിറ്റിഎ.പി2- 224/14 തീയതി 5.6.2014 | 11 |
| 2013-14 | കെ.എസ്.എ.പിറ്റിഎ.പി13-555/16 തീയതി 2.6.2017 | 12 |
| 2014-15 | കെ.എസ്.എ.പിറ്റിഎ.പി13-1019/16 തീയതി 20.9.2016 | 4 |
| 2015-16 | കെ.എസ്.എ.പിറ്റിഎ.പി13-194/17 തീയതി 10.5.2017 | 4 |
| 2016-17 | കെ.എസ്.എ.പിറ്റിഎ.പി12-1323/18 തീയതി 7.12.2018 | 8 |
| 2017-18 | കെ.എസ്.എ.പിറ്റിഎ.പി12-324/19 തീയതി 20.5.2019 | 17 |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി12-854/19 തീയതി 20.5.2019 | 14 |
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി12-931/21 തീയതി 3.2.2022 | 7 |
| 2020-21 | കെ.എസ്.എ.പിറ്റിഎ.പി12-932/21 തീയതി 3.2.2022 | 11 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്